# എന്താണ് ശഹാദത്?

അബ്ദുൽ മുഹ്സിൻ ഐദീദ് وَفَّقَهُ اللَّهُ تَعَالَى

ഒരു മുസ്ലിമിന്റെ തുടക്കം ശഹാദത് കലിമയിലാണ്. അവന്റെ ജീവിതം അത് പ്രാവർത്തികമാക്കുന്നതിലും. ദുനിയാവിൽ നിന്നു വിടപറഞ്ഞു പോകുമ്പോഴുള്ള അവസാന ശ്വാസത്തിൽ അതുച്ചരിച്ചു കൊണ്ടാണ് അവന്റെ മടക്കവും.

ചുരുക്കത്തിൽ ജീവിതം മുഴുവൻ ശഹാദതിൽ തന്നെ. അതിന് വേണ്ടിയും, അതിന്റെ ഉന്നതിക്കായും. അതു കൊണ്ടാണ് അവൻ അഭിമാനം കൊള്ളുന്നത്. അതിന്റെ ഉയർച്ചയിലാണ് അവന്റെ സന്തോഷം. അതിനുണ്ടാകുന്ന ഏതു പ്രയാസവും അവന്റെ ഹൃദയം തകർക്കുന്നു.

എന്നാൽ എന്താണ് ശഹാദ? എന്താണ് ശഹാദതിന്റെ ഉദ്ദേശം? 'അശ്ഹദു' -ഞാൻ സാക്ഷ്യം വഹിക്കുന്നു-; എന്നു പ്രഖ്യാപിക്കുന്നത് കൊണ്ട് അവൻ അർത്ഥമാക്കുന്നത് എന്താണ്? ഖേദകരം തന്നെ! പലർക്കും എന്താണ് ശഹാദ എന്നറിയില്ല.

ശഹാദത് എന്താണെന്ന് മനസ്സിലാക്കാതെ അവനെങ്ങനെയാണ് ശഹാദത് കലിമയുടെ വക്താവാകുക? എങ്ങനെയാണ് അവൻ അതിലേക്ക് പ്രബോധനം ചെയ്യുക? എങ്ങനെയാണ് നാവിൻ തുമ്പത്ത് അതുച്ചരിച്ചു കൊണ്ട് മരിക്കാൻ കഴിയുമെന്ന് അവന് പ്രതീക്ഷ വെക്കാൻ കഴിയുക?

അറബി ഭാഷയിൽ 'ശഹിദ' (شَهِدَ) എന്ന വാക്കിനോടാണ് ഈ പദം ബന്ധപ്പെട്ടു കിടക്കുന്നത്. ഈ പദങ്ങൾ -ഭാഷയിൽ- മൂന്ന് അർത്ഥങ്ങൾ ഉൾക്കൊള്ളുന്നു. അവ താഴെ പറയുന്ന മൂന്ന് കാര്യങ്ങളാണ്:

1- സാക്ഷിയാകൽ.

2- അറിയൽ.

3- മറ്റുള്ളവരെ അറിയിക്കൽ.

ഈ മൂന്ന് കാര്യങ്ങളും 'അശ്ഹദു' എന്ന വാക്ക് ഉൾക്കൊള്ളുന്നു. 'ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്നു പറയുമ്പോൾ നീ അർത്ഥമാക്കുന്നത്: (1) ഞാൻ എന്റെ മനസ്സു കൊണ്ട് സാക്ഷ്യം വഹിക്കുകയും; (2) അറിഞ്ഞു മനസ്സിലാക്കുകയും ചെയ്ത കാര്യം; (3) എന്റെ നാവ് കൊണ്ട് ഞാൻ പ്രഖ്യാപിക്കുകയും അറിയിക്കുകയും ചെയ്യുന്ന എ

ന്നാണ്. മേൽ പറഞ്ഞ മൂന്ന് കാര്യങ്ങളില്ലാതെ നിന്റെ ശഹാദത് ശഹാദതാവുക യില്ല. ഈ മൂന്ന് കാര്യങ്ങൾ ചുരുക്കി വിശദീകരിക്കാം.

**ഒന്ന്: മനസ്സ് കൊണ്ട് ഈ സത്യം ബോധ്യപ്പെടണം.**

'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല' എന്ന സാക്ഷ്യം വഹിക്കു മ്പോൾ അത് നിന്റെ **ഹൃദയം കൊണ്ട് കണ്ടറിഞ്ഞതു** പോലെ ഉറപ്പും ദൃഢതയും നി നക്ക് അക്കാര്യത്തിൽ ഉണ്ടായിരിക്കണം. സംശയങ്ങൾ നിന്റെ മനസ്സിനെ ചഞ്ച ലമാക്കരുത്. ആശയക്കുഴപ്പങ്ങളുടെ വേലിയേറ്റങ്ങൾ നിന്റെ മനസ്സിൽ ഇറങ്ങിയും കയറിയുമിരിക്കരുത്. കാറ്റത്ത് ചാഞ്ഞും ചരിഞ്ഞുമാടുന്ന പുൽക്കൊടി പോലെ ഹൃ ദയം വിറക്കരുത്.

മറിച്ച്, അതിൽ ഉറപ്പും ശക്തിയുമുണ്ടായിരിക്കണം. നീ കണ്ണു കൊണ്ട് അറിഞ്ഞ ഒരു കാര്യം എപ്രകാരം നീ ഉറച്ചു വിശ്വസിക്കുമോ; അതു പോലെ. ആരെല്ലാം ത ള്ളിപ്പറഞ്ഞാലും, നിഷേധിച്ചാലും എതിർപ്പുയർത്തിയാലും ശക്തമായി നീ അതി ന് വേണ്ടി നിലകൊണ്ടിരിക്കണം. വേരുകൾ ആഴത്തിലൂന്നിയ വടവൃക്ഷം പോലെ അത് നിന്റെ മനസ്സിന്റെ ആഴങ്ങളിൽ അള്ളിപ്പിടിച്ചിരിക്കണം. അല്ലാഹു പറഞ്ഞ തു പോലെ:

أَلَمْ تَرَ كَيْفَ ضَرَبَ اللَّهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِي السَّمَاءِ ﴿٢٤﴾

"അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിന്റെ മുരട് ഉറച്ചുനി ൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകു ന്നു." (ഇബ്രാഹീം: ൨൪)

സംശയത്തോടെയും ആടിയുലഞ്ഞുമാണ് അവന്റെ ശഹാദതെങ്കിൽ -ഹാ ക ഷ്ടം!- അവൻ ഒരിക്കലും ശഹാദത് പറഞ്ഞിട്ടേയില്ല. അവന്റേത് മനസ്സിൽ തട്ടാ ത്ത പൊള്ളയായ ചില വാക്കുകൾ മാത്രം. നരകത്തിന്റെ അടിത്തട്ടുകളിൽ ചുട്ടെരി ക്കപ്പെടാൻ പോകുന്ന മുനാഫിഖുകളോടത്രെ അവന് സാദൃശ്യമുള്ളത്. അവരും ശ ഹാദ പറഞ്ഞവർ തന്നെയായിരുന്നു. പക്ഷേ അല്ലാഹു അവരുടെ സാക്ഷ്യത്തെ ക ളവാക്കി. അവർ കള്ളന്മാരെന്ന് അല്ലാഹു സാക്ഷ്യം വഹിച്ചു!

إِذَا جَاءَكَ الْمُنَافِقُونَ قَالُوا نَشْهَدُ إِنَّكَ لَرَسُولُ اللَّهِ وَاللَّهُ يَعْلَمُ إِنَّكَ لَرَسُولُهُ وَاللَّهُ يَشْهَدُ إِنَّ الْمُنَافِقِينَ لَكَاذِبُونَ ﴿١﴾

"മുനാഫിഖുകൾ നിന്റെ അടുത്ത് വന്നാൽ അവർ പറയും: തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ റസൂലാണെന്ന് ഞങ്ങൾ **സാക്ഷ്യം വഹിക്കുന്നു.** അല്ലാഹുവിന്നറിയാം തീർച്ചയായും നീ അവന്റെ റസൂലാണെന്ന്. തീർച്ചയായും മുനാഫിഖുകൾ (കപടൻമാർ) കള്ളം പറയുന്നവരാണ് എന്ന് അല്ലാഹു **സാക്ഷ്യം വഹിക്കുന്നു.**" (മുനാഫിഖൂൻ: ൧)

പ്രതിസന്ധികളിൽ അവർ ഉറച്ചു നിൽക്കില്ല. പോരാട്ടങ്ങളിൽ നിന്ന് അവർ പിന്തിരിഞ്ഞോടും. വേദനകൾ അവർക്ക് പഥ്യമേയല്ല. അല്ലാഹു പറഞ്ഞതു പോലെ:

إِنَّمَا يَسْتَأْذِنُكَ الَّذِينَ لَا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ وَارْتَابَتْ قُلُوبُهُمْ فَهُمْ فِي رَيْبِهِمْ يَتَرَدَّدُونَ ﴿٤٥﴾

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരിക്കുകയും, മനസ്സുകളിൽ സംശയം കുടികൊള്ളുകയും ചെയ്യുന്നവർ മാത്രമാണ് നിന്നോട് അനുവാദം ചോദിക്കുന്നത്. കാരണം അവർ **അവരുടെ സംശയത്തിൽ ആടിക്കളിച്ച്** കൊണ്ടിരിക്കുകയാണ്." (തൌബ: ൪൫)

എന്നാൽ ശരിയായ ശഹാദതിന്റെ വക്താക്കൾ; അവർ ഉറച്ചു നിൽക്കും. അല്ലാഹു പറഞ്ഞതു പോലെ:

إِنَّمَا الْمُؤْمِنُونَ الَّذِينَ آمَنُوا بِاللَّهِ وَرَسُولِهِ ثُمَّ لَمْ يَرْتَابُوا وَجَاهَدُوا بِأَمْوَالِهِمْ وَأَنفُسِهِمْ فِي سَبِيلِ
اللَّهِ أُولَٰئِكَ هُمُ الصَّادِقُونَ ﴿١٥﴾

"അല്ലാഹുവിലും അവന്റെ റസൂളിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു മുഅ്മിനീങ്ങൾ. അവർ തന്നെയാകുന്നു സത്യവാൻമാർ." (ഹുജുറാത്: ൧൫)

ചുരുക്കത്തിൽ; ശഹാദതിന്റെ തുടക്കം ഈ ദൃഢവിശ്വാസത്തിൽ നിന്നാണ്. നമ്മിൽ ചിലരുടെയെങ്കിലും മനസ്സുകളിൽ നിന്ന് ഈ ദൃഢത നഷ്ടപ്പെട്ടിരിക്കുന്നു. അവരുടെ ശക്തിയും ഉറപ്പും ക്ഷയിച്ചിരിക്കുന്നു. അതിന് കാരണം ഇനി നാം പറയാൻ പോകുന്ന -ശഹാദതിന്റെ രണ്ടാം ഭാഗത്തിൽ- അവർ വരുത്തിയ കുറവ് തന്നെയാണ്.

## രണ്ട്: സാക്ഷ്യം വഹിക്കുന്നതിനെ കുറിച്ച് അറിവുണ്ടായിരിക്കണം.

നിനക്ക് അറിവില്ലാത്ത കാര്യം നീ എങ്ങനെയാണ് സാക്ഷ്യം വഹിക്കുക? അറിവില്ലാത്ത കാര്യത്തിന് സാക്ഷ്യം പറയൽ വളരെ ഗുരുതരം തന്നെ. അല്ലാഹു പ

റഞ്ഞു:

وَالَّذِينَ لَا يَشْهَدُونَ الزُّورَ وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا ﴿٧٢﴾

"വ്യാജത്തിന് സാക്ഷി നിൽക്കാത്തവരും, അനാവശ്യവൃത്തികൾ നടക്കുന്നേടത്തു കൂടി പോകുകയാണെങ്കിൽ മാന്യന്മാരായി കടന്നുപോകുന്നവരുമാകുന്ന അവർ (റഹ്മാനായ അല്ലാഹുവിന്റെ ദാസന്മാർ)." (ഫുർഖാൻ: ൭൨)

നീ എന്തിനെ കുറിച്ചാണ് സാക്ഷ്യം പറയുന്നത് എന്ന് നീ മനസ്സിലാക്കിയിരിക്കണം. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നാണ് നീ സാക്ഷ്യം വഹിക്കുന്നതെങ്കിൽ; എന്താണ് അതിന്റെ ഉദ്ദേശം എന്ന് നീ അറിഞ്ഞിരിക്കണം. അതു കൊണ്ട് തന്നെയാണല്ലോ അല്ലാഹു ഈ വാചകത്തെ കുറിച്ച് പഠിക്കണമെന്ന് പറഞ്ഞത്? അവൻ പറഞ്ഞു:

فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ

"നീ 'ലാ ഇലാഹ ഇല്ലല്ലാഹ്' പഠിക്കുക." (മുഹമ്മദ്: ൧൯)

നബി -ﷺ- പറഞ്ഞു:

«مَنْ مَاتَ وَهُوَ يَعْلَمُ أَنَّهُ لَا إِلَهَ إِلَّا اللَّهُ دَخَلَ الْجَنَّةَ»

"ആരെങ്കിലും 'ലാ ഇലാഹ ഇല്ലല്ലാഹ്' **അറിഞ്ഞു കൊണ്ട്** മരണപ്പെട്ടാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു." (മുസ്ലിം: ൨൬)

എന്നാൽ ഇന്നത്തെ മുസ്ലിംകൾ! -സുബ്ഹാനല്ലാഹ്!-; എന്താണവരുടെ സ്ഥിതി വിശേഷം? അവരിലൊരാളെ വിളിച്ച് എന്താണ് നിന്റെ സാക്ഷ്യ വചനത്തിന്റെ അർഥം എന്ന് ചോദിച്ചു നോക്കൂ. അവൻ തന്റെ തല ചൊറിയുകയും, വാക്കുകൾക്കായി തപ്പിത്തടയുകയും, ലജ്ജ നിറഞ്ഞ ഒരു ചിരിയോടെ ചോദ്യത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യുന്നത് കാണാം.

അപ്പോൾ, എങ്ങനെയാണ് നാം സാക്ഷ്യം വഹിച്ചവരാവുക? എങ്ങനെയാണ് നാം ശഹാദതിന്റെ വക്താക്കളാവുക? എങ്ങനെയാണ് നമുക്ക് ഇസ്ലാമിന്റെ മാർഗത്തിൽ മുന്നേറാനാവുക? മേൽ പറഞ്ഞ രണ്ടു പദവികളും പിന്നിട്ടാൽ മൂന്നാമതൊരു ഭാഗം ബാക്കി നിൽക്കുന്നു; അതാണ്;

**മൂന്ന്: സാക്ഷ്യ വചനം മറ്റുള്ളവരെ അറിയിക്കുകയും, ഉറക്കെ പ്രഖ്യാപിക്കുകയും വേണം.**

അതെ! നീ മുസ്ലിമാണ്. മറ്റുള്ളവർ അതറിയട്ടെ. ചില ബിദ്അതുകാർ -അല്ലാഹ് അവരെയും അവരുടെ ബിദ്അതുകളെയും നശിപ്പിക്കട്ടെ- പറഞ്ഞതു പോലെ; ഹൃദയത്തിൽ വിശ്വാസമുണ്ടായാൽ മതി; നാവു കൊണ്ടത് പ്രഖ്യാപിക്കേണ്ടതില്ല എന്നത് പിഴച്ച വാദവും, ശഹാദതിന്റെ അർത്ഥത്തിൽ തിരിമറി നടത്തലുമാണ്.

അല്ലാഹുവിൽ അഭയം!

അതിനാൽ, നിന്റെ നാവുകളിൽ ശഹാദത് നിറഞ്ഞു നിൽക്കട്ടെ. എത്രയോ വേളകളിൽ നാം അത് ആവർത്തിച്ച് ഉച്ചരിക്കാൻ കൽപ്പിക്കപ്പെട്ടവരാണല്ലോ?

ബാങ്കൊലികളിൽ നാം അത് കേൾക്കുന്നു; കൂടെ ചൊല്ലുന്നു. വുദുവിന് ശേഷവും നിസ്കാരങ്ങളിലും നിസ്കാര ശേഷവും മറ്റനേകം ഇബാദതുകളിലും ഈ ശഹാദത് നിറഞ്ഞു നിൽക്കുന്നു. ജനനത്തിലും മരണത്തിലും അത് നമ്മോടൊപ്പം നിലകൊള്ളുന്നു.

«مَنْ كَانَ آخِرُ كَلَامِهِ لَا إِلَهَ إِلَّا اللَّهُ دَخَلَ الجَنَّةَ»

"ആരുടെയെങ്കിലും അവസാന വാക്ക് 'ലാ ഇലാഹ ഇല്ലല്ലാഹ്' ആയിത്തീർന്നാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു." (അബൂദാവൂദ്: ൩൧൧൬)

അല്ല! മരണ ശേഷം പോലും നമുക്ക് ഉറപ്പ് നൽകുന്നത് ഈ വാക്കുകൾ തന്നെ. അല്ലാഹു പറഞ്ഞു:

يُثَبِّتُ اللَّهُ الَّذِينَ آمَنُوا بِالْقَوْلِ الثَّابِتِ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ

"ദുനിയാവിലും, ആഖിറതിലും സുസ്ഥിരമായ വാക്കുകൊണ്ട് മുഅ്മിനീങ്ങളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്." (ഇബ്രാഹീം: ൨൭)

സ്ഥൈര്യമുള്ള വാക്കെന്നാൽ 'ശഹാദതു കലിമ'യാണെന്നാണ് നബി ﷺ- വിശദീകരിച്ചത്. (ബുഖാരി: ൧൩൬൯, മുസ്ലിം: ൧൩൬൯)

കേവലം നാവു കൊണ്ടു മാത്രമാണോ ശഹാദതിന്റെ പ്രഖ്യാപനം. അല്ല! പ്രവർത്തനങ്ങളിലും വിശ്വാസത്തിലും അതുണ്ടായിരിക്കണം. അല്ലാഹു പറഞ്ഞില്ലേ?

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَا إِلَى اللَّهِ وَعَمِلَ صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ ﴿٣٣﴾

"അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?" (ഫുസ്സ്വിലത്: ൩൩)

വിശ്വാസത്തിലും പ്രവർത്തനങ്ങളിലും സ്വഭാവത്തിലും വാക്കുകളിലും പെരുമാറ്റത്തിലും ഇടപാടുകളിലും വേഷത്തിലും സംസ്കാരത്തിലും; ജീവിതത്തിന്റെ നിഖില മേഖലകളിലും ശഹാദത് നിറഞ്ഞു നിൽക്കട്ടെ.

### ഒരു സംശയവും മറുപടിയും:

ചില പിഴച്ച സ്വൂഫികൾ -അല്ലാഹു അവരിൽ നിന്ന് മുസ്ലിം ഉമ്മതിനെ ശുദ്ധീകരിക്കട്ടെ!- പറയുന്നു: " നീ എങ്ങനെ 'ലാ ഇലാഹ ഇല്ലല്ലാഹ്' സാക്ഷ്യം വഹിക്കും? നീ അല്ലാഹുവിനെ കണ്ടിട്ടുണ്ടോ? കാണാത്ത കാര്യത്തിന് നീ എങ്ങനെ സാക്ഷ്യം വഹിക്കും? എന്നാൽ ഞങ്ങൾ -ത്വരീഖതുകാർ- അല്ലാഹുവിനെ കണ്ടിട്ടുണ്ട്; നിനക്കും കാണണമോ? വരൂ! ഞങ്ങളുടെ ശൈഖിന്റെ മുരീദായാൽ നിനക്കും അല്ലാഹുവിനെ കാണാം."

ഈ പിഴച്ച വാദക്കാർക്ക് മറുപടിയായി കുറിക്കട്ടെ:

**ഒന്ന്:** നിങ്ങൾക്ക് അകലം! നിങ്ങളും ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല. കാരണം ഈ ദുനിയാവിൽ അല്ലാഹുവിനെ കാണാൻ കഴിയില്ലെന്ന് ഞങ്ങളുടെ റസൂൽ -ﷺ- അറിയിച്ചിട്ടുണ്ട്. നിങ്ങൾക്കാകട്ടെ; റസൂലില്ല; നബിയില്ല. മറിച്ച് പിശാചിന്റെ വസ്വാസുകൾ മാത്രം!

അവസാന കാലഘട്ടത്തിൽ പ്രത്യക്ഷപ്പെടാനിരിക്കുന്ന ദജ്ജാലിനെ കുറിച്ച് താക്കീത് ചെയ്യവെ നബി -ﷺ- പറഞ്ഞു:

«فَإِنْ أُلْبِسَ عَلَيْكُمْ فَاعْلَمُوا أَنَّ رَبَّكُمْ لَيْسَ بِأَعْوَرٍ وَأَنَّكُمْ لَنْ تَرَوْا رَبَّكُمْ حَتَّى تَمُوتُوا»

"നിങ്ങൾക്ക് (ദജ്ജാലിനെ കുറിച്ച്) അവ്യക്തതയുണ്ടായാൽ അറിയുക! നിങ്ങളുടെ റബ്ബ് ഒറ്റക്കണ്ണനല്ല. നിങ്ങൾ മരിക്കുന്നത് വരെ നിങ്ങളുടെ റബ്ബിനെ നിങ്ങൾ കാണുകയുമില്ല." (ജാമിഉസ്സ്വഗീർ: ൪൨൪)

**രണ്ട്:** നിന്റെ ശൈഖിനെക്കാളും, നിന്റെ ശൈഖിന്റെ ശൈഖിനെക്കാളും ശ്രേഷ്ഠത പതിന്മടങ്ങുള്ള നബിമാരിൽ പെട്ട ഒരാൾ ഈ ദുനിയാവിൽ അല്ലാഹുവിനെ കാ

ണവാൻ ആഗ്രഹിക്കുകയും, അതിന് വേണ്ടി പ്രാർഥിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഖുർആൻ അദ്ദേഹത്തിന്റെ ചരിത്രം ഇപ്രകാരമാണ് വിവരിച്ചത്:

وَلَمَّا جَاءَ مُوسَىٰ لِمِيقَاتِنَا وَكَلَّمَهُ رَبُّهُ قَالَ رَبِّ أَرِنِي أَنظُرْ إِلَيْكَ قَالَ لَن تَرَانِي وَلَٰكِنِ انظُرْ إِلَى الْجَبَلِ فَإِنِ اسْتَقَرَّ مَكَانَهُ فَسَوْفَ تَرَانِي فَلَمَّا تَجَلَّىٰ رَبُّهُ لِلْجَبَلِ جَعَلَهُ دَكًّا وَخَرَّ مُوسَىٰ صَعِقًا فَلَمَّا أَفَاقَ قَالَ سُبْحَانَكَ تُبْتُ إِلَيْكَ وَأَنَا أَوَّلُ الْمُؤْمِنِينَ ﴿١٤٣﴾

"നമ്മുടെ നിശ്ചിത സമയത്തിന് മൂസാ വരികയും, അദ്ദേഹത്തിന്റെ റബ്ബ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ മൂസാ പറഞ്ഞു: എന്റെ റബ്ബേ, (നിന്നെ) എനിക്കൊന്നു കാണിച്ചുതരൂ. ഞാൻ നിന്നെയൊന്ന് നോക്കിക്കാണട്ടെ.

അവൻ (അല്ലാഹു) പറഞ്ഞു: നീ എന്നെ കാണുകയില്ല തന്നെ. എന്നാൽ നീ ആ മലയിലേക്ക് നോക്കൂ. അത് അതിന്റെ സ്ഥാനത്ത് ഉറച്ചുനിന്നാൽ വഴിയെ നിനക്കെന്നെ കാണാം.

അങ്ങനെ അദ്ദേഹത്തിന്റെ റബ്ബ് പർവ്വതത്തിന് വെളിപ്പെട്ടപ്പോൾ അതിനെ അവൻ പൊടിയാക്കി. മൂസാ ബോധരഹിതനായി വീഴുകയും ചെയ്തു. എന്നിട്ട് അദ്ദേഹത്തിന് ബോധം വന്നപ്പോൾ അദ്ദേഹം പറഞ്ഞു: നീയെത്ര പരിശുദ്ധൻ! ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. ഞാൻ വിശ്വാസികളിൽ ഒന്നാമനാകുന്നു." (അഅറാഫ്: ൧൪൩)

**മൂന്ന്:** നീ ചില പ്രകാശങ്ങളും ഭംഗിയുള്ള ചില മുഖങ്ങളും കണ്ടിരിക്കാം. നിന്റെ കടുത്ത അജ്ഞതയാൽ അത് അല്ലാഹുവാണെന്നും നീ ധരിച്ചിരിക്കാം.

അത് അല്ലാഹുവല്ല! അവന്റെയും നിന്റെയും കടുത്ത ശത്രുവായ ഇബ്ലീസാണ്. നിസ്കരിക്കുകയോ നോമ്പ് നോൽക്കുകയോ ഖുർആനിലെ പ്രാഥമിക കൽപ്പനകൾ പോലും പ്രാവർത്തികമാക്കുകയോ ചെയ്യാത്ത നിന്റെ ശൈഖിന്റെ നശിച്ച ബുദ്ധി കൊണ്ടല്ലാതെ സ്വന്തം ബുദ്ധി കൊണ്ട് നീ ചിന്തിക്കുക! പകൽവെളിച്ചം പോലെ ഞാൻ പറയുന്ന കാര്യം നിനക്ക് വ്യക്തമാകും.

അല്ലാഹു -تَعَالَى- പറഞ്ഞു:

هَلْ أُنَبِّئُكُمْ عَلَىٰ مَن تَنَزَّلُ الشَّيَاطِينُ ﴿٢٢١﴾ تَنَزَّلُ عَلَىٰ كُلِّ أَفَّاكٍ أَثِيمٍ ﴿٢٢٢﴾ يُلْقُونَ السَّمْعَ وَأَكْثَرُهُمْ كَاذِبُونَ ﴿٢٢٣﴾

"നബിയേ, പറയുക:) ആരുടെ മേലാണ് പിശാചുക്കള്‍ ഇറങ്ങുന്നതെന്ന് ഞാന്‍ നിങ്ങള്‍ക്ക് അറിയിച്ചു തരട്ടെയോ? പെരും നുണയന്‍മാരും പാപികളുമായ എല്ലാവരുടെ മേലും അവര്‍ (പിശാചുക്കള്‍) ഇറങ്ങുന്നു. അവര്‍ ചെവികൊടുത്ത് കേള്‍ക്കുന്നു. അവരില്‍ അധികപേരും കള്ളം പറയുന്നവരാകുന്നു." (ശുഅറാഅ: ൨൨൧-൨൨൩)

അല്ലാഹു പറഞ്ഞു:

وَمَن يَعْشُ عَن ذِكْرِ الرَّحْمَٰنِ نُقَيِّضْ لَهُ شَيْطَانًا فَهُوَ لَهُ قَرِينٌ ﴿٣٦﴾ وَإِنَّهُمْ لَيَصُدُّونَهُمْ عَنِ السَّبِيلِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ ﴿٣٧﴾

"റഹ്മാനായ (അല്ലാഹുവിന്റെ) ഉല്‍ബോധനത്തിന്റെ നേര്‍ക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏര്‍പെടുത്തികൊടുക്കും. എന്നിട്ട് അവന്‍ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും. തീര്‍ച്ചയായും അവര്‍ (പിശാചുക്കള്‍) അവരെ നേര്‍മാര്‍ഗത്തില്‍ നിന്ന് തടയും. തങ്ങള്‍ സന്‍മാര്‍ഗം പ്രാപിച്ചവരാണെന്ന് അവര്‍ വിചാരിക്കുകയും ചെയ്യും. " (സുഖ്റുഫ്: ൩൬-൩൭)

അല്ലാഹു എന്നെയും നിന്നെയും ഹിദായതില്‍ ഒരുമിപ്പിക്കട്ടെ.

وَصَلَّى اللَّهُ وَسَلَّمَ وَبَارَكَ عَلَى رَسُولِنَا وَنَبِيِّنَا مُحَمَّدِ بْنِ عَبْدِ اللَّهِ، وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ

وَآخِرُ دَعْوَانَا أَنِ الحَمْدُ لِلَّهِ رَبِّ العَالَمِينَ.

كَتَبَهُ : أَبُو تُرَاب عَبْد المُحْسِن بْن سَيِّد عَلِيّ عَيْدِيدُ

-غَفَرَ اللَّهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ-

ലേഖനത്തിന്റെ പ്രധാന അവലംബം:

**ശഹാദതു അന്‍ ലാ ഇലാഹ ഇല്ലല്ലാഹ് - സ്വാലിഹ് അസ്സിന്തി -ഹഫിദഹുല്ലാഹ്-.**